# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>വനഭൂമി കൈയ്യേറ്റം</u>

T6380 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനഭൂമി കൈയ്യേറാൻ ശ്രമിച്ചതിന് എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്; ഇതിൽ ഏറ്റവും അധികം കേസ്സെടുത്ത ജില്ല ഏത് ; കേസ്സുകളുടെ എണ്ണം എത്ര ;

(ബി) ആദിവാസികളല്ലാത്തവർ വനം കൈയ്യേറിയ കേസ്സുകളുടെ എണ്ണവും കൈയ്യേറ്റഭൂമിയുടെ വിസ്തൃതിയും ജില്ല തിരിച്ച് നൽകുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനഭൂമി കൈയ്യേറിയത് സംബന്ധിച്ച കേസ്സുകളിൽ ഭൂമി തിരിച്ച് പിടിക്കാൻ കഴിയാത്ത എത്ര കേസ്സുകൾ നിലവിലുണ്ട് ; ഈ കേസ്സുകളിൽ ഉൾപ്പെട്ടവരുടെ വിലാസവും കൈയ്യേറിയ സ്ഥലത്തിന്റെ വിസ്തൃതിയും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 08.07.2014–ലെ മറുപടിക്ക്

<u>വനവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ</u>

6381 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കും വനത്തിലെ റോഡുകളിലൂടെ കടന്നുപോകുന്ന സഞ്ചാരികൾക്കും നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ;

(ബി) വനവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് എത്രയുംവേഗം തീർപ്പ് കൽപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി</u>

6382 ശ്രീ. സി. പി. മുഹമ്മദ്
,, അൻവർ സാദത്ത്
,, വി. പി. സജീന്ദ്രൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ;

(സി) വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഇവ എത്രമാത്രം സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>വനസംരക്ഷണത്തിനായി പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ</u>

6383 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും**
**സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക വനങ്ങളുടെ അതിർത്തി നിർണ്ണയിക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ നിലവിലുണ്ട്;

(സി) ഫോറസ്റ്റ് സ്റ്റേഷനുകളില്ലാത്ത ഡിവിഷനുകൾ ഏതൊക്കെയാണ്; ഇവിടങ്ങളിൽ പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>വനംവച്ചുപിടിപ്പിക്കൽ കരാർ</u>

6384 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും
സിനിമയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമേരിക്ക ആസ്ഥാനമായുള്ള ഗ്ലോബൽ എൻവയോൺമെന്റൽ ഫെസിലിറ്റി എന്ന പരിസ്ഥിതി സംഘടനയുമായി സഹകരിച്ച് വനം വച്ച് പിടിപ്പിക്കാൻ സംയുക്ത കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായി എന്ത് തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; ഇതിൽ സർക്കാരിന്റെ ചെലവ് എത്രയാണ്;

(സി) ചിന്നാർ മുതൽ ചക്കുപള്ളം വരെയുള്ള 150 ചതുരശ്ര കി.മി. പ്രദേശത്ത് നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

## കേരള പിറവിയുടെ 50-ാം വാർഷികവുമായി ബന്ധപ്പെട്ട് വച്ചുപിടിപ്പിച്ച മാന്തോപ്പുകൾ

6385 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പിറവിയുടെ 50-ാം വാർഷികവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വനംവകുപ്പിന്റെ നേതൃത്വത്തിൽ മാന്തോപ്പുകൾ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ വച്ചുപിടിപ്പിച്ച മാന്തോപ്പുകളിൽ എത്രയെണ്ണം എത്ര ജില്ലകളിൽ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മാന്തോപ്പുകളുടെ തുടർ പരിപാലനപ്രവൃത്തികൾ വനം വകുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ ജില്ലകളിലും ഇതിനായി ചെലവഴിച്ച തുക വർഷംതിരിച്ച് വ്യക്തമാക്കുമോ;

(സി) ഓരോ ജില്ലകളിലും നട്ടുപിടിപ്പിച്ച മാവിൻതൈകളുടെ എണ്ണവും ഇപ്പോൾ എത്രയെണ്ണം വീതം അവശേഷിക്കുന്നുണ്ടെന്നും വെളിപ്പെടുത്തുമോ;

(ഡി) മാന്തോപ്പുകളിൽ നട്ടമാവിൽ നിന്നും കായ്ഫലം ലഭിച്ചുതുടങ്ങിയിട്ടുണ്ടോ;

(ഇ) വനംവകുപ്പിന്റെ ഏതെങ്കിലും ജില്ലയിലെ മാന്തോപ്പിനായി കണ്ടെത്തിയ ഭൂമിയിൽ കൈയ്യേറ്റമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കൈയ്യേറ്റം ഒഴിവാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും; എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>വനഭൂമിയിൽ വെറ്ററിനറി സർവ്വകലാശാല നടത്തിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ</u>

6386 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെറ്ററിനറി സർവ്വകലാശാല ഇൻഡോർ സ്റ്റേഡിയത്തിനും ഹെലിപ്പാടിനും മറ്റുമായി വനഭൂമിയിൽ നടത്തിവന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ വനം വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ട റിപ്പോർട്ടിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നിർമ്മാണത്തിന് കേന്ദ്രപരിസ്ഥിതി മന്ത്രാലയം, സുപ്രീം കോടതി എന്നിവയുടെ അനുമതി ലഭിച്ചിട്ടുണ്ടോ:

(ഡി) ഇപ്പോൾ എന്തടിസ്ഥാനത്തിലാണ് ഈ വനഭൂമിയിൽ നിർമ്മാണ പ്രവർത്തനം നടക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>വെറ്ററിനറി സർവ്വകലാശാലയുടെ കൈവശമുള്ള വനഭൂമി</u>

6387 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും**
**സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെറ്ററിനറി സർവ്വകലാശാലയുടെ കൈവശമുള്ള വനഭൂമിയുടെ വിസ്തൃതി എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി സർവ്വകലാശാലയുടെ കൈയ്യിൽ നിന്നും തിരികെ പിടിക്കാൻ സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

## കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

വനവിഭവങ്ങൾ കൂടുതൽ വിറ്റഴിക്കാൻ പദ്ധതി

6388

ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനവിഭവങ്ങൾ വിറ്റഴിക്കുന്നതിന് വകുപ്പിന് കീഴിൽ വനശ്രീ യൂണിറ്റുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം വനവിഭവങ്ങൾ വിറ്റഴിക്കുന്നതിനായി എത്ര വാഹനങ്ങളാണ് വാങ്ങിയത്;

(സി) ഇപ്പോൾ നിലവിലുള്ള വാഹനങ്ങളിൽ എത്ര എണ്ണം ഓടുന്നു; എത്ര എണ്ണം പ്രവർത്തനരഹിതമാണ്;

(ഡി) വനവിഭവങ്ങൾ കൂടുതൽ സ്ഥലങ്ങളിൽ വിറ്റഴിക്കുന്നതിന് വകുപ്പ് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

ചടയമംഗലത്തെ 'തടിയിതര വിപണനകേന്ദ്രം' പ്രവര്‍ത്തനക്ഷമമാക്കുന്നതിനുള്ള നടപടികള്‍

6389 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചടയമംഗലത്ത് മുന്‍പ് അനുവദിച്ചതും ഇതുവരെ പ്രവര്‍ത്തനം ആരംഭിച്ചിട്ടില്ലാത്തതുമായ 'തടിയിതര വനവിഭവ വിപണന കേന്ദ്രം' വികസിപ്പിച്ച് പ്രവര്‍ത്തനക്ഷമമാക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ;

(ബി) ഈ പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

വനം വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രൊമോഷൻ

6390

ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്. & എസ്.എസ്.ആർ. ഭാഗം II ലെ ചട്ടം 13AA, ചട്ടം 13A(1)(a), ചട്ടം 13A(2) പ്രകാരം എന്നു മുതൽക്കാണ് വനം വകുപ്പിൽ ടെസ്റ്റ് യോഗ്യത നേടാത്ത മിനിസ്റ്റീരിയൽ ജീവനക്കാർക്ക് പ്രൊമോഷൻ നൽകി തുടങ്ങിയത്;

(ബി) നാളിതുവരെ എത്ര പേർക്ക് പ്രസ്തുത നിയമപ്രകാരം പ്രൊമോഷൻ നൽകി;

(സി) പ്രസ്തുത ഉത്തരവ് നിലവിൽ വന്നശേഷം വനം വകുപ്പിൽ ടെസ്റ്റ് യോഗ്യത നേടാത്ത എല്ലാ പട്ടിക ജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കും ഈ നിയമത്തിന്റെ പരിധിയിലുൾപ്പെടുത്തി യഥാസമയം പ്രൊമോഷൻ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) 24.02.2012-ലെ 8130/ഉ.പ.സി3/2010/ഉ.ഭ.പ.മ. സർക്കുലറിന്റെ വെളിച്ചത്തിൽ മേൽപ്രകാരമുള്ള ആനുകൂല്യം ലഭിക്കാതിരുന്ന എത്ര പേർ പുന:പരിശോധനയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>വനംവകുപ്പിന് സെൻട്രൽ ക്യാന്റീൻ സൗകര്യം</u>

6391 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സെൻട്രൽ പോലീസ് ക്യാന്റീൻ നിലവിലുള്ളതുപോലെ വനം വകുപ്പ് ഉദ്യോഗസ്ഥർക്കും സെൻട്രൽ ക്യാന്റീൻ സംവിധാനം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലാ ട്രീ കമ്മിറ്റി അംഗങ്ങൾ</u>

6392 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനംവകുപ്പ് രൂപീകരിച്ച ട്രീ കമ്മിറ്റികൾ ഇപ്പോൾ നിലവിലുണ്ടോ; അവ പ്രവർത്തനക്ഷമമാണോ;

(ബി) തൃശ്ശൂർ ജില്ലയിൽ പ്രസ്തുത ട്രീ കമ്മിറ്റി ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ കമ്മിറ്റി അംഗങ്ങൾ ആരെല്ലാമാണെന്ന് അറിയിക്കുമോ;

(സി) തൃശ്ശൂർ ജില്ലയിലെ ട്രീ കമ്മിറ്റിയിൽ ഏതെങ്കിലും അംഗങ്ങൾ രാജിവെച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ രാജിവെച്ചവർ ആരെല്ലാമാണ്, രേഖാമൂലം രാജി നല്കാത്തവർ ആരെല്ലാമാണ് എന്നീ വിവരങ്ങൾ അറിയിക്കുമോ;

(ഡി) തൃശ്ശൂർ ജില്ലയിലെ ട്രീ കമ്മിറ്റിയുടെ അവസാന യോഗം ചേർന്നതെന്നാണ്; രേഖാമൂലം രാജിനല്കിയിട്ടില്ലാത്തവരെ യോഗവിവരം അറിയിക്കാറുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

കാഞ്ഞങ്ങാട് മണ്ഡലത്തിൽ സൗരോർജ്ജ വേലി നിർമ്മാണഫണ്ട്

6393 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ വേലി നിർമ്മാണത്തിന് വനംവകുപ്പിൽ നിന്നും കാഞ്ഞങ്ങാട് മണ്ഡലത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്നും ഇതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളിലാണ് സൗരോർജ്ജ വേലി നിർമ്മിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

ആനകളുടെ പരിപാലനവും കൈമാറ്റവും സംബന്ധിച്ച വ്യവസ്ഥകൾ

6394 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്റ്റ് 1979 സെക്ഷൻ 39(3) പ്രകാരം ആനയെ പരിപാലിക്കുന്നതിന് അനുവാദം നൽകുന്നതിനുള്ള വ്യവസ്ഥകളും ആനയെ കൈമാറ്റം ചെയ്യപ്പെടണമെങ്കിൽ പാലിക്കേണ്ട വ്യവസ്ഥകളും വിശദമാക്കുമോ;

(ബി) വനം വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതുപ്രകാരമുള്ള ഉടമസ്ഥരുടെ കൈവശം ആനകൾ ഇല്ലാതിരിക്കെ സർക്കാർ ഉടമസ്ഥതയിലുള്ള ആനയെ സർക്കാർ അനുമതി കൂടാതെ കൈമാറ്റം നടത്തുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരക്കാർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുമോയെന്നതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>വനംവകുപ്പിലെ അംഗീകൃത പാപ്പാന്മാർ</u>

6395 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും
സിനിമയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കീഴിൽ സംരക്ഷിക്കപ്പെടുന്ന ആനകളുടെ എണ്ണം എത്രയാണ്;

(ബി) നിലവിൽ വനം വകുപ്പിൽ എത്ര അംഗീകൃത ആന പാപ്പാന്മാരുടെ ഒഴിവുകളാണുള്ളത്; കഴിഞ്ഞ പത്ത് വർഷമായി ദിവസവേതനാടിസ്ഥാത്തിൽ ജോലി ചെയ്യുന്ന പാപ്പാന്മാരുടെ പേര് വെളിപ്പെടുത്തുമോ;

(സി) ഡിപ്പാർട്ട്മെന്റ് പാപ്പാന്മാരുടെ നിയമന യോഗ്യത എന്താണ്;

(ഡി) വകുപ്പ് തലത്തിൽ ആന പാപ്പാന്മാർക്ക് നൽകി വരുന്ന പരിശീലനം എന്താണ്;

(ഇ) പത്ത് വർഷത്തിലധികമായി സ്ഥിരമായി സേവനമനുഷ്ഠിക്കുന്ന താൽക്കാലിക പാപ്പാന്മാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

"റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരണം"

6396 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും**
**സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നാട്ടിലേക്കിറങ്ങി വലിയ തോതിൽ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന കാട്ടാനകൾ അടക്കമുള്ള വന്യജീവികളെ കാട്ടിനുള്ളിലേയ്ക്ക് തന്നെ തുരത്തി ഓടിക്കുന്നതിനായി വാഴച്ചാൽ ആസ്ഥാനമാക്കി "റാപ്പിഡ് റെസ്പോൺസ് ടീം" രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>പുലിഭീഷണിക്കെതിരെയുള്ള നടപടി</u>

6397 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി I വില്ലേജിലും, മംഗലം ഡാമിലും പുലിയുടെ ഭീഷണി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കാൻ എന്തെങ്കിലും നടപടി വനം വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

ഇന്റഗ്രേറ്റഡ് റിവർ ബേസിൻ മാനേജ്മെന്റ് പദ്ധതി

6398

ശ്രീ. സണ്ണി ജോസഫ്
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി വകുപ്പ് ഇന്റഗ്രേറ്റഡ് റിവർ ബേസിൻ മാനേജ്മെന്റ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) നദികളെ പുനഃരുദ്ധരിക്കുന്നതിനും അവയിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് ശുദ്ധീകരിക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

ഇ.എഫ്.എൽ ആയി വിജ്ഞാപനം ചെയ്ത ഭൂമി

6399 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എഫ്.എൽ ആയി വിജ്ഞാപനം ചെയ്ത ഭൂമി തിരികെ നൽകാനോ, നഷ്ടപരിഹാരം നൽകാനോ പാടില്ലെന്ന് വനം വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ചെറിയ അളവിൽപ്പെട്ട ഇത്തരം ഭൂമികൾ വിട്ടു നൽകുന്നത് സംബന്ധിച്ച് ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി എന്തെങ്കിലും ശുപാർശ സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) താമസിക്കുകയും, കൃഷി ചെയ്തു ഉപജീവനം നടത്തുകയും സ്വാഭാവിക വനത്തിന്റെ ഒരു നിർവ്വചനത്തിലും പെടാത്തതുമായ ചെറിയ അളവ് ഭൂമി ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം ഭൂമി വിട്ടു നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ ആവശ്യമുന്നയിച്ചുള്ള അപേക്ഷകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ രണ്ട് ഏക്കറിൽ താഴെ ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്യപ്പെട്ട എത്ര ഭൂവുടമകളുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ;

(ഇ) ഇത്തരം ഭൂമികളെ സംബന്ധിച്ച പരാതിയുടെ നിജസ്ഥിതി മനസ്സിലാക്കാൻ മണ്ഡലാടിസ്ഥാനത്തിൽ ജനപ്രതി നിധികളുടെ യോഗം ചേരുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>ലൈസൻസില്ലാത്ത പാറമടകൾ നടത്തുന്നവർക്കെതിരെയുള്ള നടപടി</u>

6400 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാറമടകളുടെ പ്രവർത്തനം പരിസ്ഥിതി വകുപ്പ് നിരീക്ഷിക്കാറുണ്ടോ;

(ബി) പരിസ്ഥിതി വകുപ്പിന്റെ ലൈസൻസില്ലാതെ പാറമടകൾ പ്രവർത്തിച്ച് വരുന്നത് ശ്രദ്ധയിലുണ്ടോ;

(സി) ഇത്തരം പാറമടകൾ നടത്തുന്നവർക്കെതിരെ ജയിൽ ശിക്ഷ ഉൾപ്പെടെയുള്ള ശിക്ഷാ വിധികൾ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>പരിസ്ഥിതിലോല പ്രദേശങ്ങളിലെ ക്വാറികളുടെ പ്രവര്‍ത്തനം</u>

6401 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പരിസ്ഥിതിലോലമെന്ന് കണ്ടെത്തിയ വില്ലേജുകളില്‍ ക്വാറികള്‍ പ്രവര്‍ത്തിക്കുന്നുണ്ടോയെന്നും എങ്കില്‍ എത്ര വില്ലേജുകളില്‍ ക്വാറികള്‍ പ്രവര്‍ത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പരിസ്ഥിതിലോലമെന്നു കണ്ടെത്തിയ വില്ലേജുകളിലെ ക്വാറികളുടെ പ്രവര്‍ത്തനം നിരോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ക്വാറികള്‍ ആരംഭിക്കുന്നതിന് പാരിസ്ഥിതിക അനുമതി നിര്‍ബന്ധമാക്കിയിട്ടുണ്ടോ; ഇല്ലെങ്കില്‍ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം പരിസ്ഥിതിലോലമെന്നു കണ്ടെത്തിയ മേഖലകളില്‍ ഏതെങ്കിലും ക്വാറികള്‍ക്ക് അനുമതി നല്‍കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>കായിക വികസനത്തിനുള്ള പുതിയ പദ്ധതികൾ</u>

6402 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായിക വികസനത്തിനായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഗോ ഫോർ ഗോൾഡ് എന്ന പദ്ധതിയിലൂടെ സർക്കാർ വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും, ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി എന്തെല്ലാം സേവനങ്ങൾ ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ;

(സി) വിഷൻ ഇന്ത്യാ പദ്ധതി, സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി, വിദ്യാർത്ഥികൾക്കുള്ള നീന്തൽ പരിശീലന പദ്ധതി എന്നിവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

കായിക സംഘടനകളുടെ സർട്ടിഫിക്കറ്റിന്റെ ദുരുപയോഗം തടയുവാൻ നടപടി

6403 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായിക സംഘടനകളുടെ സർട്ടിഫിക്കറ്റ് ദുരുപയോഗം ചെയ്ത് അനർഹരായ കുട്ടികൾ ഗ്രേസ് മാർക്ക് നേടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള മൗണ്ടനീയറിംഗ് അസ്സോസിയേഷനിൽ അരങ്ങേറിയ തട്ടിപ്പ് ഭാരവാഹികൾ തന്നെ കണ്ടെത്തി നടപടി സ്വീകരിച്ചതായി സംഘടനാ പ്രസിഡന്റ് മാധ്യമങ്ങളെ അറിയിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സ്പോർട്സ് കൗൺസിൽ തട്ടിപ്പുകാരെ സഹായിക്കുന്ന നിലപാട് സ്വീകരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ വിഷയത്തിൽ ഏതെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യങ്ങളെക്കുറിച്ച് സമഗ്രമായ അന്വേഷണത്തിന് നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയം നിർമ്മാണം

6404 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയം നിർമ്മാണത്തിന് 2014-15 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ 5 കോടി രൂപ വകയിരുത്തിയതിനാൽ ഈ സ്റ്റേഡിയം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈ വർഷം സ്റ്റേഡിയം പണി ആരംഭിക്കാൻ കഴിയുന്ന തരത്തിൽ നടപടിക്രമങ്ങൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>തലശ്ശേരി സർക്കസ് അക്കാദമി നിലനിർത്തണമെന്ന നിവേദനം</u>

6405 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിൽ ആരംഭിച്ച സർക്കസ് അക്കാദമി നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) സർക്കസ് അക്കാദമി നിലനിർത്തണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

ചിൽഡ്രൻസ് എഡ്യൂക്കേഷണൽ ഫിലിം ഫെസ്റ്റിവലുകളിലെ വിജയികൾക്ക് തുടർ പരിശീലനം

6406 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ചിൽഡ്രൻസ് എഡ്യൂക്കേഷണൽ ഫിലിം ഫെസ്റ്റിവലുകളിൽ സമ്മാനാർഹരാകുന്ന കുട്ടികൾക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നത്; വിശദമാക്കാമോ;

(ബി) എസ്.ഐ.ഇ.ടി സംഘടിപ്പിക്കുന്ന ഇത്തരം ഫെസ്റ്റിവലുകളിൽ വിജയികളാകുന്ന കുട്ടികൾക്ക് തുടർ പരിശീലനം വകുപ്പ് നൽകുന്നുണ്ടോ; ഇത് സംബന്ധിച്ച് വിശദ വിവരം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഡി.സി.യുടെ ആധുനികവൽക്കരണം

6407 ശ്രീ. പി. ഉബൈദുള്ള
,, പി.കെ. ബഷീർ
,, വി.എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും
സിനിമയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫിലിം ഡവലപ്മെന്റ് കോർപ്പറേഷന്റെ ആധുനികവത്ക്കരണം ഏതു ഘട്ടത്തിലൊണെന്ന് വ്യക്തമാക്കുമോ;

(ബി) ഫിലിമിന്റെ കെമിക്കൽ പ്രോസസിംഗ് സംവിധാനം പൂർണ്ണമായും ഡിജിറ്റലൈസ്ഡ് സംവിധാനത്തിലേയ്ക്ക് മാറ്റിക്കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ കെമിക്കൽ പ്രോസസിംഗ് നടത്തിയിരുന്ന യോഗ്യതയുള്ള പ്രോസസിംഗ് സ്റ്റാഫിന് ഡിജിറ്റൽ സംവിധാനത്തിൽ പരിശീലനം നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശീലനം നല്കി അവരുടെ സേവനം ഉപയോഗപ്പെടുത്തുമോ;

(സി) സാങ്കേതിക യോഗ്യതയും പ്രവർത്തന പരിചയവുമുള്ള ഉദ്യോഗസ്ഥരെ പി.എസ്.സി. മുഖേന നിയമിച്ച് കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ ആധുനികവത്ക്കരിച്ച് ലാഭകരമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ചലച്ചിത്ര അക്കാഡമിയിലെ നിയമനങ്ങൾ</u>

T.6408 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര അക്കാഡമിയിൽ 2014 ഏപ്രിൽ 1 ന് ശേഷം നടന്ന താൽക്കാലിക നിയമനങ്ങൾ എത്രയാണെന്നും, ഏതൊക്കെ തസ്തികകളിലേക്കാണ് നിയമനങ്ങൾ നടന്നിട്ടുള്ളതെന്നും, ആരെയൊക്കെയാണ് നിയമിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) ഈ നിയമനം കിട്ടിയ വ്യക്തികൾ മുൻപ് ജോലി ചെയ്തിരുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത നിയമന ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ചലച്ചിത്ര അക്കാഡമി ആഫീസിലെ കമ്പ്യൂട്ടറിൽ ഫ്രീ സോഫ്റ്റ് വെയർ മാറ്റി വിൻഡോസ് സോഫ്റ്റ് വെയർ ആക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം നയം മാറ്റുന്നതിനുള്ള കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആര്‍.ടി.സി ക്ക് മൂലധന നിക്ഷേപം</u>

6409 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി യുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പുതുതായി ബസുകള്‍ വാങ്ങുന്നതിനും കേന്ദ്ര-സംസ്ഥാന സര്‍ക്കാരുകള്‍ മൂലധന നിക്ഷേപമായി 1990 മുതല്‍ കെ.എസ്.ആര്‍.ടി.സി ക്ക് തുക അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കര്‍ണാടക, തമിഴ്നാട് സര്‍ക്കാരുകള്‍ ട്രാന്‍സ്പോര്‍ട്ട് കോര്‍പ്പറേഷനുകള്‍ക്ക് അനുവദിക്കുന്ന വിധത്തില്‍ മൂലധന നിക്ഷേപം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ബഹുവിധ യാത്രാസൗകര്യം ഉറപ്പാക്കുന്ന പദ്ധതികൾ</u>

6410 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈറ്റില മൊബിലിറ്റി ഹബ്ബ്, തിരുവനന്തപുരം മൾട്ടി മോഡൽ ഹബ്ബ് മാതൃകയിൽ കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത ഹബ്ബുകളുടെ പ്രധാന ഘടകങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ;

(സി) പ്രധാനപ്പെട്ട ഗതാഗത മാധ്യമങ്ങളായ എയർ, റെയിൽ, റോഡ്, ഇൻലാന്റ് വാട്ടർ ഗതാഗതം, കടൽ ഗതാഗതം മുതലായവയെ സഹകരിപ്പിച്ചുകൊണ്ട് ബഹുവിധ യാത്രാസൗകര്യം ഉറപ്പാക്കുന്ന പദ്ധതികൾ സംസ്ഥാനത്ത് അനുയോജ്യമായ ഇടങ്ങളിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. വാർഷിക റിപ്പോർട്ട്</u>

6411 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി ഏറ്റവും അവസാനം തയ്യാറാക്കിയ വാർഷിക റിപ്പോർട്ട് ഏത് വർഷത്തേതാണ് പ്രസിദ്ധീകരിച്ചത്;

(ബി) വാർഷിക റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള കാലതാമസത്തിന്റെ കാരണം അറിയിക്കാമോ;

(സി) വാർഷിക റിപ്പോർട്ടുകൾ കൃത്യമായി തയ്യാറാക്കുന്നത് കെ. എസ്. ആർ. ടി. സി. ക്ക് ഏതെല്ലാം രീതിയിൽ ഉപകാരമാകുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യുടെ വിജിലൻസ് സ്ക്വാഡ്

6412 ശ്രീ. സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരുമാനച്ചോർച്ച തടയുന്നതിന്റെ ഭാഗമായി കെ.എസ്. ആർ.ടി.സി.യിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി കോർപ്പറേഷനിലെ വിജിലൻസ് സ്ക്വാഡുകളുടെ പ്രവർത്തനം ശക്തമാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(സി) സ്ക്വാഡുകളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) കെ.എസ്.ആർ.ടി.സി യുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സ്ക്വാഡുകൾക്ക് നിർദ്ദേശങ്ങൾ നൽകുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യുടെ പണം ചോരുന്ന പഴുതുകൾ പരിശോധിക്കുന്നതിന് നടപടി

6413 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. ഷംസുദ്ദീൻ
,, റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യാത്രാവാറന്റ് പാസ്സുകൾ കൃത്യമായി പ്രോസസ് ചെയ്യാത്തതും, ടിക്കറ്റ് കളക്ഷൻ വെട്ടിപ്പിലും കെ.എസ്.ആർ.ടി.സി.ക്ക് കോടിക്കണക്കിനു രൂപയുടെ നഷ്ടം സംഭവിച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇതെക്കുറിച്ച് എന്തൊക്കെ അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട് എന്നതിന്റെ വിശദവിവരം നല്കാമോ;

(സി) ഇത്തരം പ്രവൃത്തികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാനും, കെ.എസ്.ആർ.ടി.സി.യുടെ പണം ചോരുന്ന പഴുതുകൾ പരിശോധിച്ച് അതു തടയുന്നതിനുമുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

ഡ്രൈവിംഗ് ലൈസന്‍സിലെ തെറ്റുകള്‍ തിരുത്താന്‍ നടപടി

6414

ശ്രീ. ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റീജിയണല്‍ ട്രാന്‍സ്പോര്‍ട്ട് ഓഫീസുകളില്‍ നിന്നും വര്‍ഷങ്ങള്‍ക്ക് മുമ്പ് നല്‍കിയിട്ടുള്ള ലൈസന്‍സ് ബുക്കുകളിലെ വിവരങ്ങള്‍ കമ്പ്യൂട്ടറില്‍ രേഖപ്പെടുത്തിയപ്പോള്‍ ഭൂരിപക്ഷം ലൈസന്‍സ് ഉടമകളുടെയും വിവരങ്ങള്‍ തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം തെറ്റുകള്‍ തിരുത്തുന്നതിന് ലൈസന്‍സുടമകളുടെ കയ്യില്‍നിന്നും പണം ഈടാക്കുന്ന സാഹചര്യം നിലവിലുണ്ടോ;

(സി) ഉദ്യോഗസ്ഥര്‍ക്ക് പറ്റിയ തെറ്റ് തിരുത്തി റെക്കോര്‍ഡ് ബുക്കുകള്‍ പരിശോധിച്ച്, പണം ഈടാക്കാതെ ലൈസന്‍സ് പുതുക്കി നല്‍കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

മോട്ടോർ വാഹനവകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ സ്ഥലംമാറ്റം

6415 ശ്രീ. എസ്. രാജേന്ദ്രൻ
,, കെ.വി. അബ്ദുൾ ഖാദർ
,, കെ.കെ. നാരായണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ സ്ഥലംമാറ്റത്തിന്റെ പേരിൽ കോഴ വാങ്ങുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരേ ഓഫീസിൽ മൂന്നു വർഷം പൂർത്തിയാകാത്തവരെ സ്ഥലം മാറ്റരുതെന്ന ചട്ടം ലംഘിച്ചാണ് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ സ്ഥലം മാറ്റിയിരിക്കുന്നതെന്ന ആക്ഷേപത്തിന്മേൽ നിലപാട് വ്യക്തമാക്കാമോ;

(സി) ചെക്ക്പോസ്റ്റുള്ള ഓഫീസുകളിലേക്ക് സ്ഥലംമാറ്റം നൽകാൻ കോഴ നൽകുന്നതായുള്ള ആക്ഷേപത്തിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) മാനദണ്ഡം ലംഘിച്ച് സ്ഥലംമാറ്റം നടന്നതായുള്ള പരാതികളിൽ അന്വേഷണം നടത്താൻ വിജിലൻസ് വിഭാഗത്തോട് ആവശ്യപ്പെടുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആര്‍.ടി.സി. റിസര്‍വ്വ് കണ്ടക്ടര്‍ -ഡ്രൈവര്‍ തസ്തികയിലേക്കുള്ള നിയമനം</u>

6416 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും
സിനിമയും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി റിസര്‍വ്വ് ഡ്രൈവര്‍ തസ്തികയിലേക്ക് ഒഴിവുണ്ടായിട്ടും നിലവിലുള്ള ലിസ്റ്റില്‍ നിന്ന് നിയമനം നടത്തുന്നില്ലെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) റിസര്‍വ്വ് കണ്ടക്ടര്‍, റിസര്‍വ്വ് ഡ്രൈവര്‍ എന്നീ തസ്തികകള്‍ക്ക് പി.എസ്.സി.യില്‍ റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിരുന്നിട്ടും 'എം'-പാനല്‍ ജീവനക്കാരെ കെ.എസ്. ആര്‍.ടി.സി. ഈ തസ്തികകളില്‍ നിയമിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത 'എം'-പാനല്‍കാരെ ഒഴിവാക്കി പി.എസ്.സി റാങ്ക് ലിസ്റ്റില്‍ നിന്ന് നിയമനം നടത്താന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

വാഹന സർവ്വീസ് സെന്ററുകളിലെ തട്ടിപ്പ്

6417

ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹന സർവ്വീസ് സെന്ററുകൾ നടത്തുന്ന വെട്ടിപ്പു തടയുവാൻ ഒരു നിയമം കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ;

(ബി) വാഹനങ്ങളുടെ സർവ്വീസ് സെന്ററുകളിൽ ഉപഭോക്താവിന് നൽകേണ്ട സേവനങ്ങളെ സംബന്ധിച്ച് മാർഗ്ഗരേഖ തയ്യാറാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

സ്വകാര്യ പമ്പുകളിൽ നിന്ന് ഡീസൽ നിറച്ചതു സംബന്ധിച്ച വിശദാംശങ്ങൾ

6418 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും
സിനിമയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള പമ്പുകളിൽ നിന്നും ഡീസലടിക്കുന്ന സമ്പ്രദായം എന്ന് മുതലാണ് നിർത്തിവച്ചത്;

(ബി) സ്വകാര്യ പമ്പുകളിൽ നിന്നും ഡീസൽ അടിച്ച് തുടങ്ങിയത് എന്ന് മുതലാണ്; അതിനായി പ്രത്യേക പമ്പുകൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കുമോ;

(സി) ഇതിനുള്ള തുക കെ.എസ്.ആർ.ടി.സി എപ്രകാരമാണ് നൽകിവരുന്നത്; അതിന്റെ പൂർണ്ണ വിവരം നൽകുമോ;

(ഡി) സ്വകാര്യ പമ്പുകളിൽ നിന്ന് കൂടുതൽ ഇന്ധനം കെ.എസ്.ആർ.ടി.സി. വാങ്ങുമ്പോൾ വിലയിൽ കിഴിവ് നൽകാറുണ്ടോ; എങ്കിൽ അത് ഏത് രീതിയിലാണെന്നും ഇത്തരത്തിൽ എന്ത് തുക കെ.എസ്.ആർ.ടി.സി.യ്ക്ക് കിട്ടാറുണ്ടെന്നും അറിയിക്കുമോ; പട്ടിക തിരിച്ച് കാലയളവ് സഹിതം വെളിപ്പെടുത്തുമോ;

(ഇ) കെ.എസ്.ആർ.ടി.സി.യുടെ പാസഞ്ചർ ഇതര വാഹനങ്ങളിൽ എന്ത് തുകയ്ക്ക് എത്ര ലിറ്റർ ഡീസൽ സ്വകാര്യ പമ്പുകളിൽ നിന്നും അടിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(എഫ്) പാസഞ്ചർ ഇതര വാഹനങ്ങളിൽ കെ.എസ്.ആർ.ടി.സി സ്വന്തം പമ്പുകളിൽ നിന്ന് ഡിസൽ നിറച്ചപ്പോൾ ഉണ്ടായ അളവിനേക്കാൾ സ്വകാര്യ പമ്പുകളിൽ നിന്ന് എണ്ണ നിറച്ചപ്പോൾ കുറവ് വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>സ്വകാര്യ പമ്പുകളിൽ നിന്നും ഡീസൽ വാങ്ങിയതിന്റെ വിശദാംശങ്ങൾ</u>

6419 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
'' ജോസ് തെറ്റയിൽ
'' സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. എന്നുമുതലാണ് സ്വകാര്യ പമ്പുകളിൽ നിന്ന് ഡീസൽ വാങ്ങി തുടങ്ങിയത് ;

(ബി) സ്വകാര്യ പമ്പുകളിൽ നിന്ന് ഡീസൽ അടിക്കുന്നതിന്റെ കോട്ടങ്ങളും ഗുണങ്ങളും വിലയിരുത്തിയിട്ടുണ്ടോ ; അവ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(സി) സബ്സിഡി ഇല്ലാത്ത വിലയ്ക്ക് കെ.എസ്.ആർ.ടി.സി. എത്രനാൾ ഡീസൽ വാങ്ങിയെന്നും അതിന് എത്ര രൂപ ചിലവായിട്ടുണ്ടെന്നും അറിയിക്കുമോ ;

(ഡി) കുറഞ്ഞ വിലയ്ക്ക് ഡീസൽ ലഭ്യമായിട്ടും കൂടിയ വിലയ്ക്ക് വാങ്ങിയതിന്റെ നഷ്ടം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ എത്രയാണ്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി ടിക്കറ്റുകൾ സർക്കാർ പ്രസ്സിൽ പ്രിന്റു ചെയ്യുവാൻ നടപടി</u>

6420 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടിസി ബസ്സുകളിൽ മെഷീൻ ടിക്കറ്റുകൾ പ്രാബല്യത്തിലുണ്ടായിട്ടും ചിലയിടങ്ങളിൽ പേപ്പർ ടിക്കറ്റുകൾ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ബസ്സുകളുടെ ടിക്കറ്റുകൾ തമിഴ്നാട്ടിലെ പ്രസ്സുകളിലാണ് പ്രിന്റു ചെയ്യുന്നതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി ബസ്സുകളുടെ ടിക്കറ്റുകളും അനുബന്ധരേഖകളും സർക്കാർ പ്രസ്സുകളിൽ പ്രിന്റുചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>നിലവാരമില്ലാത്ത ടിക്കറ്റ് വെൻഡിംഗ് മെഷീനുകൾ</u>

6421 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 ജനുവരി ഒന്നിന് ശേഷം കെ.എസ്.ആർ.ടി.സി. എത്ര ഇലക്ട്രോണിക് ടിക്കറ്റ് വെൻഡിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്;

(ബി) ഏത് കമ്പനിയിൽ നിന്നും, എത്ര ലക്ഷം രൂപയ്ക്കാണ് പ്രസ്തുത ടിക്കറ്റ് വെൻഡിംഗ് മെഷീൻ വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ചില മെഷീനുകൾ നിലവാരമില്ലാത്തതും, പൊട്ടിത്തെറിച്ചതായുമുള്ള വ്യാപക പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത കമ്പനിക്കെതിരെയും, കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥർക്കെതിരെയും ഇതുമായി ബന്ധപ്പെട്ട് എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>റൂട്ട് പെർമിറ്റ് നിബന്ധന</u>

6422 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവശ്യസർവ്വീസിൽപെടുന്നതും ദേശസാൽകൃത റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതുമായ കെ.എസ്.ആർ. ടി.സി ബസ്സുകൾക്ക്റൂട്ട് പെർമിറ്റ് വേണമെന്ന നിബന്ധന എന്നാണ് ഈ സർക്കാർ പുറപ്പെടുവിച്ചത്;

(ബി) പ്രസ്തുത ഉത്തരവനുസരിച്ച് ഓരോ റൂട്ടിലും പെർമിറ്റുള്ള ബസ്സുകൾ മാത്രമേ ഓടിക്കാനാവൂ എന്നതു നിമിത്തം ബസ്സുകൾക്ക് കേടുപാടുകളോ അറ്റകുറ്റപ്പണികളോ അപകടങ്ങളോ സംഭവിച്ചാൽ പ്രസ്തുത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്താൻ കഴിയാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു പരിഹരിക്കുവാൻ പ്രസ്തുത നിബന്ധനയിൽ നിന്നും കെ.എസ്.ആർ.ടി.സി യെ ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിബന്ധനകളുടെ അടിസ്ഥാനത്തിൽ തൊട്ടിൽപ്പാലം സബ് ഡിപ്പോയിലെ ബസ്സുകൾ ഉൾപ്പെടെ എത്ര കെ.എസ്.ആർ.ടി.സി സർവ്വീസുകളുടെ പേരിൽ മോട്ടോർവാഹനവകുപ്പ് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) അന്തർസംസ്ഥാന സർവ്വീസുകൾ ഉൾപ്പെടെ എത്ര തരം സർവ്വീസുകൾ കെ.എസ്.ആർ.ടി.സി നിലവിൽ നടത്തുന്നു എന്നു വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത സർവ്വീസുകൾ നടത്തുന്ന കെ.എസ്.ആർ. ടി.സി ബസ്സുകളിൽ എത്ര എണ്ണത്തിന് റൂട്ട് പെർമിറ്റ് ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ജി) കെ.എസ്.ആർ.ടി.സി സർവ്വീസുകളെ തകർത്തേക്കാവുന്ന തരത്തിലുള്ള ഗതാഗത വകുപ്പിന്റെ പ്രസ്തുതപ്രവർത്തനങ്ങൾ തടയുവാനും കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കാനും എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>വികലാംഗർക്ക് ബസുകളിൽ സ്ഥിരം പാസ്</u>

6423 ശ്രീ. ആർ. സെൽവരാജ്
,, ഹൈബി ഈഡൻ
,, ജോസഫ് വാഴക്കൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വികലാംഗർക്ക് കെ.എസ്. ആർ.ടി.സി ബസ്സുകളിൽ സൗജന്യം അനുവദിക്കുന്നതിനും സ്ഥിരം പാസ്സ് നൽകുന്നതിനും തിരുമാനമെടുത്തിട്ടുണ്ടോ;

(ബി) സ്ഥിരം പാസ്സ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് സംബന്ധിച്ച് ഗതാഗത വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഉത്തരവ് നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ക്യാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി ബസ്സിൽ യാത്രാസൗജന്യം</u>

6424 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, പി.സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി ബസ്സിൽ യാത്രാസൗജന്യം അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കോർപ്പറേഷന്റെ ഏതെല്ലാം ബസ്സുകളിലാണ് സൗജന്യം ലഭ്യമാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) രോഗികൾക്ക് സ്ഥിരമായി യാത്രാ പാസ്സ് നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

## അമിത വേഗത നിയന്ത്രണം

6425 ശ്രീ. എം. ഉമ്മർ
'' കെ. എൻ. എ. ഖാദർ
'' പി. ബി. അബ്ദുൾ റസാക്
'' കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളുടെ നിരക്കിന്റെയും, ആഘാതത്തിന്റെയും, മരണ നിരക്കിന്റെയും കാര്യത്തിൽ വർദ്ധനയുണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അമിത വേഗത അപകടങ്ങളുടെ ആഘാതം വർദ്ധിപ്പിക്കുന്ന സഹചര്യത്തിൽ വേഗത നിയന്ത്രണം കർശനമായി നടപ്പാക്കുന്നതിനു സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) അമിത വേഗത നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജ്കളുടെ റണ്ണിംഗ്ടൈം ശാസ്തീയമായി പുനർക്രമീകരിക്കുന്നതിനും, എല്ലാത്തരം കോൺട്രാക്ട് വാഹനങ്ങളുടെയും പരമാവധി വേഗം നിശ്ചയിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>റോഡരികിലെ പരസ്യ ബോർഡുകളുടെ നിയന്ത്രണം</u>

6426 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ വർദ്ധിക്കുന്നതിന്റെ കാരണങ്ങളിൽ റോഡുകൾക്ക് സമീപമുള്ള കൂറ്റൻ പരസ്യബോർഡുകൾക്കുള്ള പങ്ക് ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) ഡ്രൈവർമാരുടെ ശ്രദ്ധ തിരിയുന്ന രീതിയിൽ ലൈറ്റോടുകൂടിയ പരസ്യബോർഡുകൾ നിയന്ത്രിക്കുന്നതിനും റോഡരികിൽ നിന്ന് ഇവ മാറ്റുന്നതിനും മോട്ടോർ വാഹന വകുപ്പ് മുൻകയ്യെടുത്ത് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>റോഡപകടങ്ങൾ കുറയ്ക്കാൻ നടപടി</u>

6427 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇക്കാര്യത്തിൽ ആധുനിക സാങ്കേതികവിദ്യ കൂടുതലായി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>ട്രാഫിക് അവബോധം സൃഷ്ടിക്കാൻ പദ്ധതി</u>

6428 ശ്രീ. കെ. ശിവദാസൻ നായർ
,, എ. റ്റി. ജോർജ്
,, കെ. മുരളീധരൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും
സിനിമയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് നിയമങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളേയും വകുപ്പുകളേയുമാണ് ഇതിനായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി മോട്ടോർ വാഹന വകുപ്പിൽ പ്രത്യേകം ജീവനക്കാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(ഡി) ട്രാഫിക് അവബോധം സൃഷ്ടിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>മോട്ടോർ വാഹനവകുപ്പ് ഓഫീസുകളിൽ ക്യാമറ സ്ഥാപിക്കാൻ നടപടി</u>

6429 ശ്രീ. എം. എ. വാഹീദ്
,, വി. ഡി. സതീശൻ
,, ഐ. സി. ബാലകൃഷ്ണൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ മോട്ടോർ വാഹനവകുപ്പ് ഓഫീസുകളിലും ചെക്ക് പോസ്റ്റുകളിലെ ഓഫീസുകളിലും ക്യാമറകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) മോട്ടോർ വാഹന വകുപ്പിൽ ഇടനിലക്കാരെ ഒഴിവാക്കുവാൻ ഇത് എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പാക്കേജ്</u>

6430 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി പ്രവർത്തന വൈവിധ്യവൽക്കരണം പരിഗണിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ഫെയർസ്റ്റേജ് നിർണ്ണയ ഉത്തരവുകൾ</u>

6431 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബസ് ചാർജ് നിശ്ചയിക്കുന്നതിനായി ഫെയർസ്റ്റേജ് നിർണ്ണയിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി സ്റ്റുഡന്റ്സ് ഒൺലി സർവ്വീസുകൾ</u>

6432 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി എത്ര സ്റ്റുഡന്റ്സ് ഒൺലി സർവ്വീസ് ഓപ്പറേറ്റ് ചെയ്യുന്നുണ്ട്; എത്ര സർവ്വീസുകൾ നേരത്തെ ഉണ്ടായിരുന്നു ;

(ബി) ഇവ നിർത്താനുള്ള കാരണം എന്താണെന്നും പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള യാത്രാ സൗജന്യം

6433 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും
സിനിമയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഏതെല്ലാം തരം ബസ്സുകളിലാണ് വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിച്ചിട്ടുള്ളത്;

(ബി) കൺസഷൻ അനുവദിച്ചിട്ടുള്ള ഇനം ബസ്സുകളിൽ എല്ലാ റൂട്ടിലേക്കും ഇവർക്ക് യാത്രാ സൗകര്യം അനുവദിക്കുമോ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണെന്ന് അറിയിക്കുമോ;

(സി) വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള യാത്രാ സൗജന്യം ചില നിശ്ചിത റൂട്ടുകളിലേക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതിന്റെ കാരണം എന്താണ്;ഇത്തരത്തിൽ യാത്രാ സൗജന്യം അനുവദിച്ചിട്ടുള്ള റൂട്ടുകൾ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; ഇത് നിശ്ചയിച്ചത് കെ.എസ്.ആർ.ടി.സി.യാണോ അതോ സർക്കാരാണോ എന്നറിയിക്കുമോ;

(ഡി) നിശ്ചിത റൂട്ടുകൾക്ക് മാത്രമായി വിദ്യാർത്ഥികൾക്കുള്ള യാത്രാ സൗജന്യം നിജപ്പെടുത്താതെ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന എല്ലാ റൂട്ടുകളിലും കൺസഷൻ അനുവദിക്കാൻ നിർദ്ദേശം നൽകാമോ;

(ഇ) കെ.എസ്.ആർ.ടി.സി. /സ്വകാര്യ ബസ്സുകളുടെ സൂപ്പർ ഡീലക്സ്, ഡീലക്സ്, സൂപ്പർഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ എന്നിവ ഒഴികെ സർവ്വീസ് നടത്തുന്ന എല്ലാ ഇനം ബസ്സുകളിലും യാത്രാ സൗജന്യം അനുവദിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>സ്റ്റോപ്പുകളിൽ നിർത്താത്ത ബസുകളെ നിരീക്ഷിക്കാൻ നടപടി</u>

6434 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ബസ് സ്റ്റോപ്പുകളിൽ, ആളുകളെ കയറ്റുന്നതിനു വേണ്ടി പലപ്പോഴും കെ. എസ്. ആർ. ടി. സി. ബസ്സുകൾ നിറുത്തുന്നില്ല എന്ന കാര്യം അറിയുമോ;

(ബി) ഇത്തരത്തിൽ പോകുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകളെ നിരീക്ഷിക്കാൻ നിലവിൽ എന്ത് സംവിധാനമാണുള്ളത് വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ ഒരു പഠനം നടത്തി കെ. എസ്. ആർ. ടി. സി ഓപ്പറേറ്റിംഗ് ക്രൂകൾക്ക് ട്രെയിനിംഗ് നൽകുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>അറവങ്കരയിൽ ടി.ടി സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി</u>

6435 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് - പാലക്കാട് റൂട്ടിൽ സർവ്വീസ് നടത്തുന്ന ടി.ടി ബസ്സുകൾക്ക് അറവങ്കരയിൽ സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ പൂക്കോട്ടൂർ പഞ്ചായത്ത് ഓഫീസ് , വില്ലേജ് ഓഫീസ്, വിവിധ സർക്കാർ ഓഫീസുകൾ, സർക്കാർ സ്കൂളുകൾ എന്നിവ സ്ഥിതിചെയ്യുന്ന അറവങ്കരയിൽ ടി.ടി ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

തൃക്കണ്ണാപുരം - അണ്ണൂർ ബസ് സർവ്വീസ് പുനരാരംഭിക്കാൻ നടപടി

6436 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ തൃക്കണ്ണാപുരം വാർഡിൽ അണ്ണൂർ പ്രദേശത്തേക്കു സർവ്വീസ് നടത്തിയിരുന്ന പാപ്പനംകോട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള ആർ.എൻ.സി.-310 എന്ന ബസ് സർവ്വീസ് അകാരണമായി നിറുത്തിവച്ചത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ എന്നും പ്രസ്തുത സർവ്വീസ് എന്നു മുതൽ പുന:സ്ഥാപിക്കും എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>പുനലൂരിൽ നിന്നുള്ള ചെയിൻ സർവ്വീസ് ടൗൺ ടു ടൗൺ സർവ്വീസ് ആക്കിയത് പിൻവലിക്കാൻ നടപടി</u>

6437 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂരിൽ നിന്നും പത്തനംതിട്ട-റാന്നി വഴി പൊൻകുന്നത്തേക്കും മുണ്ടക്കയത്തേക്കും, കാഞ്ഞിരപ്പള്ളിക്കും എന്നാണ് കെ.എസ്.ആർ.ടി.സി ചെയിൻ സർവ്വീസ് ആരംഭിച്ചത്;

(ബി) ഒരോ സെക്ടറിലേക്കും ഓരോ ഡിപ്പോയിൽ നിന്നും എത്ര വീതം ബസ്സുകളാണ് അനുവദിച്ചിരുന്നത്;

(സി) ഈ ബസുകൾക്ക് ശരാശരി എത്ര രൂപയാണ് മാസവരുമാനം ലഭിച്ചിരുന്നത്;

(ഡി) എന്നുമുതലാണ് ഈ സർവ്വീസുകൾ ടൗൺ ടു ടൗൺ സർവ്വീസുകളാക്കിയതെന്നും ആരുടെ നിർദ്ദേശപ്രകാരമാണ് ഇത്തരത്തിലൊരു തീരുമാനം എടുത്തതെന്നും അറിയിക്കാമോ;

(ഇ) ടൗൺ ടു ടൗൺ സർവ്വീസ് ആക്കിയപ്പോൾ സർവ്വീസിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയതെന്ന് അറിയിക്കുമോ;

(എഫ്) ടൗൺ ടു ടൗൺ സർവ്വീസ് ആക്കിയതിനുശേഷം നിലവിൽ എത്ര ബസ്സുകളാണ് ഇതിനായി വിവിധ ഡിപ്പോകളിൽ നിന്നും സർവ്വീസ് നടത്തുന്നത്; ഇവയുടെ ഇപ്പോഴത്തെ ശരാശരി മാസവരുമാനം എത്രയാണ്;

(ജി) ചെയിൻ സർവ്വീസുകൾ ടൗൺ ടു ടൗൺ സർവ്വീസുകൾ ആക്കിയതുവഴിയും സ്റ്റോപ്പുകളുടെ എണ്ണം കുറച്ചതുമൂലവും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായതും ദിവസ വരുമാനത്തിൽ കുറവുണ്ടായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

(എച്ച്) ഇതു പരിഹരിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി ടൗൺ ടു ടൗൺ സർവ്വീസുകൾ പഴയപടി ചെയിൻ സർവ്വീസുകൾ ആക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ ലോ-ഫ്ളോർ ബസ് റൂട്ടുകൾ അനുവദിക്കണമെന്ന ആവശ്യം</u>

6438 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ലോ-ഫ്ളോർ ബസ് റൂട്ടുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എലത്തൂർ - മെഡിക്കൽകോളേജ്, എലത്തൂർ - എയർപോർട്ട് റൂട്ടുകളിൽ ലോ-ഫ്ളോർ ബസ്സുകൾ അനുവദിയ്ക്കുന്നകാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>കാസർഗോഡ്, കാഞ്ഞങ്ങാട് ഡിപ്പോകളിലെ ഷെഡ്യൂളുകൾ</u>

6439 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി കാസർഗോഡ്, കാഞ്ഞങ്ങാട് ഡിപ്പോകളിൽ ആകെ എത്ര ഷെഡ്യൂളുകളാണുള്ളത്;

(ബി) ഇവയിൽ നിലവിൽ എത്ര ഷെഡ്യൂളുകളാണ് സർവ്വീസ് നടത്തുന്നത്;

(സി) ഷെഡ്യൂളുകൾ നിർത്തിവെക്കാനുണ്ടായ കാരണം വിശദമാക്കാമോ;

(ഡി) ഇങ്ങനെ സർവ്വീസ് നിർത്തുന്നത് വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ടയർ ക്ഷാമം പരിഹരിച്ച് കാസർഗോഡ്, കാഞ്ഞങ്ങാട് ഡിപ്പോകളിൽ നിന്നുള്ള എല്ലാ ഷെഡ്യൂളുകളും സർവ്വീസ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് ഡിപ്പോയ്ക്ക് പുതിയ ബസ്സുകൾ അനുവദിക്കുന്നതിന് നടപടി</u>

6440 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന എത്ര സർവ്വീസുകൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പുതുതായി ആരംഭിക്കുന്ന സർവ്വീസുകൾക്കാവശ്യമായ ബസ്സുകൾ ഡിപ്പോയിൽ നിലവിലുണ്ടോ എന്ന് പറയാമോ;

(സി) കാഞ്ഞങ്ങാട് ഡിപ്പോയിലേക്ക് പുതിയ ബസ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ എത്ര ബസ്സുകൾ എപ്പോൾ അനുവദിക്കും എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

കെ.എസ്.ആര്‍.ടി.സി. ബസ് സര്‍വ്വീസ് ആരംഭിക്കുന്നതിന് നടപടി

6441 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും
സിനിമയും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

പുതുതായി നിര്‍മ്മിച്ച വെട്ടുകടവ് പാലത്തില്‍കൂടി ചാലക്കുടിയില്‍ നിന്നും അടിച്ചിലിയിലേയ്ക്ക് കെ.എസ്.ആര്‍.ടി.സി. ബസ്സ് സര്‍വ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>എളേരിത്തട്ട് ഗവണ്‍മെന്റ് കോളേജിലേക്ക് ബസ് സര്‍വ്വീസ്</u>

6442

ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി. പയ്യന്നൂര്‍ ഡിപ്പോയില്‍ നിന്നും എളേരിത്തട്ട് ഗവണ്‍മെന്റ് കോളേജിലേക്ക് പുതുതായി കെ.എസ്.ആര്‍.ടി.സി. ബസ് അനുവദിക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ ബസ് എന്നാരംഭിക്കാന്‍ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

കസ്റ്റഡിയിലെടുത്ത വാഹനങ്ങളുടെ നികുതി അടയ്ക്കാൻ സംവിധാനം

6443 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷൻ, ഫോറസ്റ്റ് ഓഫീസ്, എക്സൈസ് ഓഫീസ്, റവന്യൂ ഓഫീസ് എന്നിവിടങ്ങളിൽ പിടിച്ചിടുന്ന വാഹനങ്ങൾക്ക് അവ പിടിക്കപ്പെട്ടതിനുശേഷം വാഹനനികുതി അടയ്ക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വാഹനങ്ങളുടെ നികുതി ഈടാക്കുന്നതിന് വെഹിക്കിൾ ടാക്സേഷൻ നിയമത്തിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ ടാക്സ് ഈടാക്കുന്നതിന് വാഹനം ലേലം ചെയ്യാൻ സാധിക്കുമോ;

(സി) നികുതി ഈടാക്കിയശേഷം ബാക്കി തുക ട്രഷറിയിൽ സൂക്ഷിച്ച് അവകാശികൾക്ക് നൽകാൻ വ്യവസ്ഥയുണ്ടോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ വാഹനങ്ങളുടെ അന്യസംസ്ഥാന രജിസ്ട്രേഷൻ</u>

6444 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നുള്ള ബസ്സുകളും മറ്റ് ഹെവിവാഹനങ്ങളും അന്യസംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ നടത്തുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് അന്യസംസ്ഥാന വാഹന രജിസ്ട്രേഷന്റെ കാര്യത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ട്; ഇവയുടെ കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരം വാഹനങ്ങളിൽ വേഗപ്പൂട്ട് നിർബന്ധമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) ഇത്തരം രജിസ്ട്രേഷനിലൂടെ സംസ്ഥാനസർക്കാരിന് പ്രതിവർഷം എത്ര രൂപയാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് എന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) വാഹന രജിസ്ട്രേഷൻ സംസ്ഥാനത്തിനകത്ത് തന്നെ നടത്താൻ നിർബന്ധിതമാക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന</u>

6445 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ താലൂക്കിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ വിളയാങ്കോട് വച്ച് നടത്തുന്ന വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന മാസത്തിൽ എത്ര ദിവസത്തിലാണ് നടത്തുന്നത്;

(ബി) വാഹനങ്ങളുടെ ബാഹുല്യം കണക്കിലെടുത്തും ജനങ്ങളുടെ ബുദ്ധിമുട്ട് പരിഗണിച്ചും വാഹന പരിശോധന കൂടുതൽ ദിവസം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>സ്വകാര്യ ബസ്സുകളുടെ സൂപ്പർക്ലാസ്സ് സർവ്വീസ്</u>

6446 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും**
**സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂപ്പർക്ലാസ്സ് സർവ്വീസുകൾ കെ. എസ്. ആർ. ടി. സി.ക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് ഉത്തരവുകൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ആയത് മറികടന്നുകൊണ്ട് സ്വകാര്യ സൂപ്പർക്ലാസ്സ് ബസ്സുകൾ സർവ്വീസ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ. എസ്. ആർ. ടി.സി സൂപ്പർ ക്ലാസ്സ് സർവ്വീസുകൾ തുടങ്ങിയ സ്ഥലങ്ങളിൽ സ്വകാര്യ ബസ്സുകൾ ഇത്തരത്തിലുള്ള സമാന്തര സർവ്വീസ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്വകാര്യ ബസ്സുകൾ സൂപ്പർക്ലാസ്സ് സർവ്വീസുകൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് ബഹു. കോടതിയുടെ എന്തെങ്കിലും തരത്തിലുള്ള ഉത്തരവുകൾ നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>സ്വകാര്യ ബസ്സുകളുടെ തരംതിരിവ്</u>

6447 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസുകൾക്ക് ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ് സ്റ്റോപ് ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ് എന്നിങ്ങനെ സർവ്വീസുകൾ തരംതിരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന് ഓരോന്നിനും സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കുമോ ;

(സി) ഓരോ വിഭാഗത്തിനും അനുവദിച്ചിട്ടുള്ള ബസുകൾ എത്ര വർഷം കഴിയുമ്പോഴാണ് മാറ്റേണ്ടത് ;

(ഡി) ഓരോ വിഭാഗത്തിനും മിനിമം ചാർജ് നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ കെ.എസ്.ആർ.ടി.സി. യ്ക്ക് അനുവദിച്ചിരിക്കുന്ന അതേ നിരക്കിൽ തന്നെയാണോ ഇവർക്കും അനുവദിച്ചിട്ടുള്ളത് ; ഓരോ വിഭാഗത്തിന്റെയും ഫെയർ സ്റ്റേജും, മിനിമം ചാർജ് നിരക്കും ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) കെ.എസ്.ആർ.ടി.സി. സർവ്വീസുകളിൽ ഓരോ വിഭാഗത്തിലും ഉള്ള വാഹനങ്ങൾ ഓടിക്കുന്നതിന് മിനിമം പ്രവൃത്തി പരിചയം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(എഫ്) സ്വകാര്യ ബസുകൾക്ക് ഇത് ബാധകമാക്കിയിട്ടുണ്ടോയെന്നും ഇത് പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്നും അറിയിക്കുമോ ; നിയമലംഘനം സംബന്ധിച്ച് കേസ്സ് എടുത്തിട്ടുണ്ടോ ; എങ്കിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

സ്വകാര്യ ബസുകൾക്ക് പെർമിറ്റ് പുതുക്കി നൽകിയ നടപടി

6448 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെർമിറ്റ് അവസാനിച്ച സ്വകാര്യ ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾക്ക് പെർമിറ്റ് പുതുക്കി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര റൂട്ടുകൾക്ക് പെർമിറ്റ് നൽകിയെന്ന് അറിയിക്കാമോ;

(ബി) ആരാണ് പെർമിറ്റ് നൽകിയതെന്നും പെർമിറ്റ് നൽകിയ തീയതിയും നൽകിയ പെർമിറ്റുകളുടെ എണ്ണവും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം പെർമിറ്റ് നൽകരുത് എന്ന കോടതി വിധി ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ പെർമിറ്റ് നൽകാനുള്ള കാരണം വിശദമാക്കുമോ;

(ഡി) ഇപ്രകാരം പെർമിറ്റു നൽകുന്നത് കെ.എസ്.ആർ.ടി. സിയെ തകർക്കുമെന്നും, കോടതി വിധിയുടെ ലംഘനമാണെന്നും തീരുമാനം പുന:പരിശോധിക്കണമെന്നും കെ.എസ്.ആർ.ടി.സി, ട്രാൻസ്പോർട്ട് കമ്മീഷണറോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ കെ.എസ്.ആർ.ടി.സി യുടെ ആവശ്യം പരിഗണിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിലെ ഗതാഗത നിയമമനുസരിച്ച് ഫാസ്റ്റും, എക്സ്പ്രസ്സും വരെയുള്ള ദീർഘദൂര പെർമിറ്റുകൾ സ്വകാര്യ ബസ്സുകൾക്ക് നൽകാറുണ്ടോ; എങ്കിൽ എന്നുമുതലാണ് ഇത്തരം പെർമിറ്റുകൾ നൽകി തുടങ്ങിയത്;

(എഫ്) ഇപ്രകാരമുള്ള എത്ര പെർമിറ്റുകൾ സ്വകാര്യ ബസ്സുകൾക്ക് നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ജി) സ്വകാര്യ ബസ്സുകളുടെ പെർമിറ്റ് അവസാനിച്ച റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി സർവ്വീസ് ആരംഭിച്ചിരുന്നോ; ഈ റൂട്ടുകളിൽ ഇപ്പോൾ കെ.എസ്.ആർ.ടി. സി. യാണോ സ്വകാര്യ ബസ്സുകളാണോ സർവ്വീസ് നടത്തുന്നത് ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ലോറികളുടേയും ടിപ്പറുകളുടേയും സഞ്ചാരസമയ നിയന്ത്രണം</u>

6449 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും
സിനിമയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകൾക്ക് സമീപം പ്രവർത്തിക്കുന്ന പാറമടകളിൽ നിന്നും നിർമ്മാണ സാമഗ്രികളുമായി പോകുന്ന ലോറികളുടേയും ടിപ്പറുകളുടേയും സഞ്ചാര സമയം നിയന്ത്രിച്ചുകൊണ്ടുള്ള ഉത്തരവ് നിലവിലുണ്ടോ;

(ബി) ഉത്തരവുകൾ നിലവിലുള്ള പക്ഷം അതിനുവിരുദ്ധമായി പ്രവർത്തിക്കുന്നത് സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ ഒഴിവാക്കാനായി ഇത്തരം വാഹനങ്ങൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>ജോയിന്റ്/അഡീഷണൽ കമ്മീഷണർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം</u>

6450 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗതാഗതവകുപ്പിൽ ജോയിന്റ്/അഡീഷണൽ കമ്മീഷണർ തസ്തികയിലേയ്ക്ക് ഏതെങ്കിലും ഉദ്യോഗസ്ഥന് സ്ഥാനക്കയറ്റം നൽകാൻ തീരുമാനമെടുത്തത് ആരുടെ ശുപാർശ പ്രകാരമാണെന്ന് അറിയിക്കുമോ;

(ബി) ധനകാര്യ വകുപ്പിൽ എടുത്ത തീരുമാനം സംബന്ധിച്ച് ആക്ഷേപം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

ചടയമംഗലത്ത് ജോയിന്റ് ആർ. ടി. ഓഫീസ്

6451 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചടയമംഗലത്ത് ഒരു ജോയിന്റ് ആർ. ടി. ഓഫീസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 29.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവസഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.